പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4921 01/07/13-ൽ മറുപടിക്ക്

**തീരമൈത്രി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) 'തീരമൈത്രി പദ്ധതി' നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 9 തീരദേശ ജില്ലകളിലായി തീരമൈത്രി പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വന്തമായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ സുസ്ഥിരമായ രീതിയിൽ നടപ്പാക്കുന്നതിനും, അതുവഴി സ്വന്തമായി വരുമാനമുണ്ടാക്കി ഇവരുടെ ജീവിത നിലവാരം ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾ, എസ്.സി – എസ്.ടി കുടുംബങ്ങളിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികളുടെ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, കുട്ടികൾ ഇല്ലാത്തവർ, അംഗവൈകല്യമുള്ളവർ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ടാണ് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. |
| (സി) ആലപ്പുഴ ജില്ലയിൽ ഇതിനകം പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ? | (സി) 249 ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ